ഇതിനുപുറമെ, 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50,000-രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്. കൃത്യമായി വായ്പ മുതൽ പലിശ തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകിവരുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വർണ്ണപണയ വായ്പാ പരിധി ഉയർത്തുകയും സ്വർണ്ണപ്പണയങ്ങൾക്ക് പരമാവധി പലിശനിരക്ക് 12% ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇതിനുപുറമെ ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പയും കൃത്യമായി മുതൽ പലിശ തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിത വായ്പയായി നൽകിവരുന്നു. ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുന്ന നിലവിൽ ഉദാര വ്യവസ്ഥയിലാണ് വായ്പകൾ നൽകിവരുന്നത്. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ സഹകരണ മേഖലയ്ക്കും സഹകാരികൾക്കും നേട്ടമുണ്ടാക്കിയിട്ടുള്ളതായി വിലയിരുത്തുന്നു.

സഹകരണ സംഘങ്ങളിലെ ലൈബ്രറികൾ

84 (4666) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിനു കീഴിൽ പ്രാഥമിക ജില്ലാ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളിലാണ് ലൈബ്രറികൾ ആരംഭിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സഹകരണ സംഘങ്ങളിൽ ആരംഭിച്ചിട്ടുള്ള ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ലൈബ്രറി കോൺഫറൻസുകൾ ഉൾപ്പെടെയുള്ള സമ്മേളനങ്ങൾ നടത്തിയിട്ടും പല സംഘങ്ങളും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരു നിശ്ചിതശതമാനം സംഘം ബഡ്ജറ്റിൽ വകകൊള്ളിക്കാതിരിക്കുകയും ചെയ്യുവരുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) സംഘം ലൈബ്രറികളിൽ യഥാസമയം പുസ്തകങ്ങൾ വാങ്ങുവാനും അത് സംഘവുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നുവെന്ന് ഉറപ്പുവരുത്തുവാനും വകുപ്പിലെ ജില്ലാ-താലൂക്കുതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly